# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 193** — **09.03.2015-ലെ മറുപടിക്ക്**

**കാസർഗോഡ് കുമ്പളയിലെ പി. മുരളി കൊലപാതക കേസ് സംബന്ധിച്ച്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് കുമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്തിയ കേസ്സിലെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) കാസർഗോഡ് കുമ്പളയിലെ മുരളിയെ കൊലപ്പെടുത്തിയ കേസ്സിൽ എട്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസ്സിലെ ഗൂഢാലോചനയിൽ പങ്കെടുത്തവരെ കൂടി പിടികൂടണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്; ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഉത്തര മേഖലാ എ.ഡി.ജി.പി.യുടെ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ 11 അംഗങ്ങൾ ഉൾപ്പെടുന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ടി കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. |
| (സി) എങ്കിൽ ഗൂഢാലോചനയിൽ പങ്കെടുത്തവരെ പിടികൂടുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ടി കേസിന്റെ ഗൂഢാലോചന സംബന്ധിച്ചും മറ്റും അന്വേഷണം നടത്തി വരുന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ